# സൈലന്റ്‌വാലി : അപൂർവ്വ സസ്യ–ജന്തു ജാലങ്ങൾ, ജൈവവൈവിധ്യ സംഗമസ്ഥാനം
# പാത്രക്കടവ് വൈദ്യുതപദ്ധതി അസ്വീകാര്യം, എതിർക്കപ്പെടണം

ഡോ. എസ്. സതീഷ് ചന്ദ്രൻനായർ
(സംഗ്രഹീത വിവർത്തനം : ആശ)

പാത്രക്കടവ് ജലവൈദ്യുത പദ്ധതി എന്ന പേരിൽ കുന്തിപ്പുഴയിൽ നിർമ്മിക്കാൻ ഉദ്ദേശിച്ചിരിക്കുന്ന അണക്കെട്ട് മൂന്ന് പ്രധാന കാരണങ്ങൾ കൊണ്ട് അസ്വീകാര്യവും, അതുകൊണ്ടു തന്നെ എതിർക്കപ്പെടേണ്ടതുമാണ്.

ഒന്നാമതായി, ഇത് സൈലന്റ്‌വാലി ദേശീയോദ്യാനത്തിന് വലിയ ഒരു ഭീഷണിയാണ്. നേരത്തേ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന സൈലന്റ്‌വാലി ജലവൈദ്യുത പദ്ധതി ഉപേക്ഷിച്ചുകൊണ്ട് 1984–ലാണ് സൈലന്റ്‌വാലി ദേശീയോദ്യാനം സ്ഥാപിക്കപ്പെട്ടത്. സൈലന്റ്‌വാലി പദ്ധതിയുടെ അണക്കെട്ട് നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നത്, നിർദ്ദിഷ്ട പാത്രക്കടവ് പദ്ധതിയ്ക്കു വേണ്ടി കുന്തിപ്പുഴയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന അണക്കെട്ടിന് തൊട്ടുമുകളിലാണ്. സൈലന്റ്‌വാലിയിലെ അതുല്യമായ ജൈവവൈവിധ്യവും പരിസ്ഥിതിയും സംരക്ഷിക്കാൻ വേണ്ടിയാണ് ദേശീയോദ്യാനം സ്ഥാപിച്ചതുതന്നെ. ഇവിടെ ഒരു അണക്കെട്ട് വരുന്നത് സൈലന്റ്‌വാലിയുടെ ജൈവവൈവിധ്യത്തിൽ ഒരിക്കലും പരിഹരിക്കാനാകാത്ത നഷ്ടം വരുത്തിവെയ്ക്കും. 1970 കളുടെ അന്ത്യത്തിലും, 1980 കളുടെ ആദ്യകാലത്തും, അണക്കെട്ടിനെ അനുകൂലിക്കുന്നവർ സൈലന്റ്‌വാലിയുടെ ജൈവവൈവിധ്യ മൂല്യത്തെ ചോദ്യം ചെയ്തിരുന്നു. എന്നാൽ, അക്കാലത്തെ അപൂർണ്ണമായ രേഖകൾ തന്നെ, സൈലന്റ്‌വാലി അതുല്യമായ നിരവധി സസ്യങ്ങളുടേയും, മൃഗങ്ങളുടേയും അഭയസ്ഥാനമാണെന്ന് കാണിക്കുന്നുണ്ട്. പിന്നീട് ലഭിച്ച വിവരങ്ങൾ ഈ നിലപാടിനെ ശരിവെയ്ക്കുന്നതായിരുന്നു. അതുകൊണ്ടുതന്നെ, സൈലന്റ്‌വാലി ജലവൈദ്യുത പദ്ധതിയെ എതിർക്കാനുള്ള കാരണങ്ങളെല്ലാം തന്നെ നിർദ്ദിഷ്ട പാത്രക്കടവ് ജലവൈദ്യുത പദ്ധതിയ്ക്കും ബാധകമാണ്.



സിംഹവാലൻ കുരങ്ങ്  ഫോട്ടോ : പി.കെ. ഉത്തമൻ

സൈലന്റ്‌വാലിയുടെ ജൈവവൈവിധ്യ മൂല്യം 89-സ്ക്വയർ കി.മീ. വരുന്ന ദേശീയ ഉദ്യാനത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. അതിന്റെ തുടർച്ചയായ വനഭാഗങ്ങളെല്ലാം തന്നെ ആ ജൈവവൈവിധ്യത്തിന്റെ ഭാഗമാണ്. നിർദ്ദിഷ്ട പാത്രക്കടവ് ജലവൈദ്യുത പദ്ധതി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് സൈലന്റ്‌വാലി വനത്തിന്റെ സംരക്ഷണ വനവലയത്തിലാണ് (Buffer Zone) നിർദ്ദിഷ്ട പദ്ധതിയ്ക്കു വേണ്ടിവരുന്ന വനത്തിന്റേയും, പദ്ധതിമൂലം മുങ്ങിപ്പോകുന്ന വനത്തിന്റേയും അളവ് ചെറുതാണെങ്കിലും, സൈലന്റ്‌വാലി ദേശീയോദ്യാനത്തിന്റെ ഇതിനകം തന്നെ ദുർബലമായതും, എന്നാൽ, മർമ്മ പ്രധാനവുമായ സ്ഥാനത്താണ് പദ്ധതി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ടുതന്നെ ഇത്

സൈലന്റ്‌വാലി ദേശീയോദ്യാനത്തിന് ഗുരുതരമായ ഭീഷണിയാണ്.

വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന നിരവധി അപൂർവ്വ സസ്യ-ജന്തുജാലങ്ങൾ നിർദ്ദിഷ്ട പാത്രക്കടവ് പദ്ധതിക്കുവേണ്ടി വരുന്ന വനഭാഗത്ത് ഉൾപ്പെടുന്നുണ്ട്. സിംഹവാലൻ കുരങ്ങുകളും വരയാടുകളുമെല്ലാം ഇതിൽ ഉൾപ്പെടും. അതുകൊണ്ടുതന്നെ നിർദ്ദിഷ്ട പാത്രക്കടവ് പദ്ധതി സൈലന്റ്‌വാലിയിലെ വന്യജീവി വൈവിദ്ധ്യത്തിനും ഭീഷണിയാണ്.

നീലഗിരിയുടെ തെക്ക്-പടിഞ്ഞാറ് മൂലയിലാണ് ഏതാണ്ട് സമചതുര പീഠഭൂമിയായ സൈലന്റ്‌വാലി ദേശീയോദ്യാനം സ്ഥിതിചെയ്യുന്നത്. ഇവിടത്തെ കാട്ടരുവികളെല്ലാം പടിഞ്ഞാട്ടേയ്ക്ക് കുന്തിപ്പുഴയിലൂടെ ഒഴുകുന്നു. കുന്തിപ്പുഴ പിന്നീട് തൂതപ്പുഴയുമായും തൂതപ്പുഴ ഭാരതപ്പുഴയുമായും യോജിക്കുന്നു. പഴയ സൈലന്റ്‌വാലി ജലവൈദ്യുത പദ്ധതി ഉപേക്ഷിക്കാനുള്ള പ്രധാന കാരണം, 830 ഹെക്ടർ വരുന്ന താഴെയുള്ള പുഴത്താഴ്‌വാര കാടുകളെ മുക്കും എന്നതായിരുന്നു. അതുപോലെത്തന്നെ, നിർദ്ദിഷ്ട പാത്രക്കടവ് ജലവൈദ്യുതപദ്ധതി സൈലന്റ്‌വാലി പീഠഭൂമിയുടെ തെക്കേ അറ്റത്തുള്ള സസ്യ-ജന്തു ജാലങ്ങളുടെ സ്വാഭാവിക വാസസ്ഥാനങ്ങൾക്ക് ഭീഷണിയാകും.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ പശ്ചിമഘട്ട മലനിരകൾ ഇന്ന് ആഗോള പ്രാധാന്യമുള്ള വിനാശ ഭീഷണി നേരിടുന്ന (hot spot) ജൈവ-വൈവിധ്യ സംഗമസ്ഥാനമാണ്. പ്രത്യേകിച്ചും, കേരള-തമിഴ്‌നാട് അതിർത്തിയിലുൾപ്പെടുന്ന തെക്കു-പടിഞ്ഞാറൻ പശ്ചിമഘട്ട മലനിരകൾ ഇന്ത്യയിലെ ജൈവവൈവിധ്യ കലവറകളിൽ ഒന്നായാണ് അറിയപ്പെടുന്നത്. അതുകൊണ്ടുതന്നെ, ഈ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിന് 1986-ൽ ഇന്ത്യാ ഗവൺമെന്റ് നീലഗിരി ജൈവസംരക്ഷണ മേഖല സ്ഥാപിച്ചു. സൈലന്റ്‌വാലി ദേശീയോദ്യാനം ഈ മേഖലയുടെ ഏറ്റവും പ്രധാനപ്പെട്ട ഹൃദയഭാഗമാണ്. 2001-ൽ നീലഗിരി ജൈവസംരക്ഷണ മേഖലയെ 'യുനെസ്കോ' (Unesco) അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇപ്പോൾ സൈലന്റ്‌വാലി ദേശീയോദ്യാനത്തിന്റെ തെക്കുപാർശ്വത്തുള്ള മലയിടുക്കുകളെല്ലാം തീപിടിയ്ക്കാൻ എളുപ്പമായ പുൽപ്രദേശങ്ങളാണ്. ദേശീയോദ്യാന പ്രഖ്യാപനത്തിനുശേഷം, ഈ പ്രദേശത്തെ പുനരുജ്ജീവിപ്പിക്കാനുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഏതെങ്കിലും തരത്തിലുള്ള മനുഷ്യ ഇടപെടലുകൾ ഈ പ്രദേശത്തെ വളരെ വലുതായി ബാധിക്കും. നിർദ്ദിഷ്ട പാത്രക്കടവ് പദ്ധതി ഉയർത്തുന്ന പ്രധാന ഭീഷണികളിൽ ഒന്ന് ഇതാണ്. 1975-82 കാലഘട്ടത്തിൽ, സൈലന്റ്‌വാലി ജലവൈദ്യുത പദ്ധതിയുടെ അണക്കെട്ട് പണിയുന്നതിന്റെ ഭാഗമായി ഇവിടെ തട്ടേങ്ങാലം ബന്ധപ്പെടുത്തി റോഡ് നിർമ്മിച്ചിരുന്നു. നിർദ്ദിഷ്ട പാത്രക്കടവ് പദ്ധതിയുടെ ജോലിക്കാരുടെ കോളനി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് തട്ടേങ്ങാലത്താണ്. ഇത് സൈലന്റ്‌വാലിയുടെ തെക്ക്-പടിഞ്ഞാറൻ അറ്റത്തുള്ള വനനാശത്തിന് കാരണമാവുകയും പുതിയ നിരവധി റോഡുകളുടെ നിർമ്മാണത്തിന് വഴിവെയ്ക്കുകയും ചെയ്യും. സൈലന്റ്‌വാലിയുടെ പടിഞ്ഞാറെ ചെരിവിലുള്ള കാടുകൾ എല്ലാം തന്നെ നിത്യഹരിതങ്ങളാണ്. കുന്തിപ്പുഴയേയും, നെല്ലിപ്പുഴയേയും, തൂതപ്പുഴയേയും എല്ലാം സമ്പുഷ്ടമാക്കുന്നത് ഈ കാടുകളാണ്.

മൂന്നു ദശകങ്ങളായി, സൈലന്റ്‌വാലിയുടെ തെക്കു-പടിഞ്ഞാറ് മൂല തുടങ്ങി തെക്ക്-കിഴക്ക് ഭാഗം വരെയുള്ള എല്ലാ പ്രദേശങ്ങളും വിവിധ മനുഷ്യപ്രവർത്തനങ്ങളുടെ ഫലമായി നശിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്രകാരം, നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഈ ഭാഗം ഏറ്റവും സ്വാഭാവികവും ഉയർന്ന പാരിസ്ഥിതിക പ്രാധാന്യമുള്ളതുമാണ്. നിർദ്ദിഷ്ട പാത്രക്കടവ് പദ്ധതി സൈലന്റ്‌വാലിയുടെ ഈ ദുരവസ്ഥ ഒന്നുകൂടി വ്യാപിപ്പിക്കുകയേയുള്ളൂ. ഇപ്പോൾ തട്ടേങ്ങാലത്ത് ഉള്ള പഴയ സൈലന്റ്‌വാലി ജലവൈദ്യുത പദ്ധതിയുടെ പവർഹൗസും നിർദ്ദിഷ്ട പാത്രക്കടവ് ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ സ്ഥലവുമെല്ലാം ഒരു കിലോമീറ്ററിലധികം വ്യാപ്തിയിൽ ഇവിടത്തെ സസ്യജാല ഇടനാഴിയെ നശിപ്പിക്കും. നാലു വർഷത്തേയ്ക്ക് ഇവിടെ താമസിക്കാനുദ്ദേശിക്കുന്ന (കേരളത്തിൽ ഇന്ന് സ്ഥിരം താമസമായ ചരിത്രമാണുള്ളത്) ആയിരത്തോളം തൊഴിലാളികൾ ഇതിനകം തന്നെ ദുർബലമായ ഇവിടത്തെ കാടിന് രൂക്ഷമായ ഭീഷണിയാകും.

നിർദ്ദിഷ്ട പാത്രക്കടവ് പദ്ധതിയെ എതിർക്കാനുള്ള മറ്റൊരു കാരണം, ഇത് ഭാരതപ്പുഴയെ മുഴുവനായും ബാധിക്കും എന്നതാണ്. 6186 സ്ക്വയർ കി.മീ. ൽ ഒഴുകുന്ന ഭാരതപ്പുഴയുടെ 4400 സ്ക്വയർ കി.മീറ്ററും കേരളത്തിലാണ്. ജലസേചനത്തിനു വേണ്ടി നിർമ്മിക്കപ്പെട്ട ഒട്ടനവധി അണക്കെട്ടുകൾ ഈ പുഴയിലാണ്. കേരളത്തിൽ ഏറ്റവും അധികം അണക്കെട്ടുകളുള്ള പുഴയും ഇതുതന്നെയാണ്. നിർദ്ദിഷ്ട പാത്രക്കടവ് പദ്ധതിയുടെ അണക്കെട്ടും പണിയാനുദ്ദേശിച്ചിരിക്കുന്നതും ഭാരതപ്പുഴത്തടത്തിൽ തന്നെ. മഴക്കാലം കഴിഞ്ഞാൽ ജലസേചനത്തിനുള്ള വെള്ളം ഇപ്പോൾ തന്നെ ആവശ്യത്തിന് ഇവിടെ ലഭ്യമല്ല. ജലസേചനത്തിനുവേണ്ടി നിർമ്മിക്കപ്പെട്ടതാണെങ്കിലും ഭൂരിഭാഗം അണക്കെട്ടുകളും ഇപ്പോൾ കുടിവെള്ള വിതരണത്തിനും ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു! മലമ്പുഴയും, പോത്തുണ്ടിയുമെല്ലാം അതിന് ഉദാഹരണങ്ങളാണ്.

6000 ക. സ്ക്വയർ കി.മീറ്ററിലധികം വരുന്ന ഭാരതപ്പുഴയുടെ തടത്തിൽ 10% പോലും വനമില്ല എന്നതാണ് സത്യം. സംസ്ഥാനത്തെ മറ്റു പുഴത്തടങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഭാരതപ്പുഴയുടെ തടത്തിന്റെ ഭൂരിഭാഗവും പാലക്കാട് സമതലത്തിലാണ് വരുന്നത്. പുഴയുടെ മൊത്തം വൃഷ്ടിപ്രദേശത്തിന്റെ 89 സ്ക്വയർ കിമീ. മാത്രമാണ് പീഠഭൂമിയിൽ പെടുന്നത്. ഇതാകട്ടെ സൈലന്റ്‌വാലി പീഠഭൂമിയും. ഭാരതപ്പുഴയുടെ ഏകജീവനുള്ള കൈവഴിയായ കുന്തിപ്പുഴയും ഇവിടെ നിന്നു തന്നെ വരുന്നു. മറ്റൊരർത്ഥത്തിൽ, ഭാരതപ്പുഴയുടെ 100 സ്ക്വയർ കി.മീറ്റർ വരുന്ന ജീവനുള്ള വൃഷ്ടിപ്രദേശത്തിന്റെ 89 സ്ക്വയർ കി.മീറ്ററും സൈലന്റ്‌വാലിയിലാണ്. അതുകൊണ്ടുതന്നെ, ഭാരതപ്പുഴ മരിച്ചുകൊണ്ടിരിക്കുന്ന ഒരു പുഴയാണ്. സൈലന്റ്‌വാലിയുടെ പടിഞ്ഞാറൻ ചെരിവുകളിൽ നിന്ന് ഏകദേശം 13 വലിയ അരുവികൾ ഉത്ഭവിക്കുന്നുണ്ട്. അതിൽ ഭൂരിഭാഗവും വേനൽക്കാലത്ത് വറ്റുന്നു. ഈ ഭാഗത്ത് ഏതാണ്ട് 4500 മി.മീ. വാർഷിക വർഷപാതവുമുണ്ട്. പരിസ്ഥിതി ശാസ്ത്ര സിദ്ധാന്തപ്രകാരം 1800 മി.മീറ്ററിലധികം വാർഷികവർഷപാതമുള്ള കാടുകൾ നിത്യഹരിതവനങ്ങളിൽ പെടും. എന്നാൽ കെ.എസ്.ഇ.ബി.യുടെ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിൽ ഈ ഭാഗത്തെ നിത്യഹരിതവനങ്ങളായി പരിഗണിച്ചിട്ടില്ല. നിർദ്ദിഷ്ട ഡാംസൈറ്റ് യഥാർത്ഥത്തിൽ നിത്യഹരിതവനമാണ്. മനുഷ്യ ഇടപെടലുകൾ ഇതിന് വലിയ നാശം വരുത്തിവെച്ചിട്ടുമുണ്ട്. ഭാരതപ്പുഴത്തടത്തിലെ 13 വലിയ അണക്കെട്ടുകളുടേയും ചരിത്രം പരിശോധിച്ചാൽ, അവ ജൈവവൈവിധ്യത്തിന് എത്ര വലിയ നാശമാണ് വരുത്തിയിട്ടുള്ളതെന്ന് മനസ്സിലാക്കാൻ സാധിക്കും. ഭാരതപ്പുഴയുടെ കൈവഴിയായ കുന്തിപ്പുഴയിലെ നിർദ്ദിഷ്ട പാത്രക്കടവ് പദ്ധതി വരുത്തിവെയ്ക്കുന്ന ജൈവവൈവിധ്യ നാശവും വളരെ വലുതായിരിക്കും.

പാലക്കാട്ടേയും സമീപ പ്രദേശങ്ങളായ തൃശൂരിലേയും, മലപ്പുറത്തേയും ജനങ്ങൾക്ക് നിലനിൽപ്പിനായി ഭാരതപ്പുഴയെ ആശ്രയിക്കുകയല്ലാതെ മറ്റൊരു വഴിയുമി

ല്ല. വേനൽക്കാലത്ത് കുന്തിപ്പുഴയിൽ കുറച്ചുവെള്ളം ഉള്ളതുകൊണ്ടാണ് ഭാരതപ്പുഴയിൽ ആ സമയത്ത് ഒരു നീർച്ചാലെങ്കിലും കാണുന്നത്. അതുകൊണ്ട് പുഴയുടെ വൃഷ്ടി പ്രദേശത്തെ അവശേഷിക്കുന്ന കാടുകളെങ്കിലും സംരക്ഷിക്കേണ്ടത് പ്രധാനമാണ്. കുറച്ച് മെഗാവാട്ട് വൈദ്യുതി ഉല്പാദനം ഇതിന് പ്രതിവിധിയല്ല.

നിർദ്ദിഷ്ട പദ്ധതിയെ എതിർക്കുന്നതിനുള്ള മൂന്നാമത്തെ കാരണം, കുറച്ചുകൂടി വൈദ്യുതി ഉൽപാദിപ്പിക്കുന്നത് ഒരു പ്രധാന വിഷയമല്ല എന്നതാണ്. ഈ വർഷത്തെ വേനലിൽ മുൻപൊരിക്കലും കാണാതിരുന്നു വിധത്തിൽ കേരളം ഉണങ്ങി വരണ്ടു. ഇടുക്കി ഒഴിച്ച് ബാക്കിയെല്ലാ ജലവൈദ്യുത പദ്ധതികളും ജലസംഭരണികളിൽ വെള്ളമില്ലാത്തതിനാൽ ഉല്പാദനം നിറുത്തിവെച്ചു. എന്നിട്ടും, അരമണിക്കൂർ പവർകട്ട് കൊണ്ട് സംസ്ഥാനത്തിന് ആ കുറവ് നികത്താൻ കഴിഞ്ഞു. ഞായറാഴ്ചകളും, ആഘോഷ വേളകളും, പരീക്ഷാ സമയങ്ങളുമെല്ലാം പവർകട്ടിൽ നിന്നു ഒഴിച്ചു നിർത്തി. 1975 മുതൽ അണക്കെട്ടു നിർമ്മാണ ലോബി സൈലന്റ് വാലി പദ്ധതി നടപ്പിലാക്കിയില്ലെങ്കിൽ കേരളം ഇരുട്ടിലാകും എന്നു പറഞ്ഞ് സംസ്ഥാനത്തെ 'ബ്ലാക്ക് മെയിൽ' ചെയ്തുകൊണ്ടിരിക്കുകയാണ്. വൈദ്യുതിക്കുള്ള ആവശ്യം അല്പം വർദ്ധിച്ചിട്ടുണ്ടെന്നല്ലാതെ കേരളം ഇതുവരെ ഇരുട്ടിലായിട്ടില്ല. കെ.എസ്.ഇ.ബി. ആകട്ടെ യഥാർത്ഥ വിവരങ്ങൾ പലതും ജനങ്ങളിൽ നിന്ന് മറച്ചുവെക്കുകയാണ്. എത്ര വൈദ്യുതി മൊത്തം ഉല്പാദിപ്പിക്കുന്നു. എത്രയാണ് മൊത്തം ചോദനം, പ്രസരണ നഷ്ടം എത്ര എന്നീ കാര്യങ്ങളെല്ലാം ഇപ്പോഴും അജ്ഞാതമാണ്. കൂടുതൽ ജലവൈദ്യുത പദ്ധതികൾക്കു വേണ്ടി മുറവിളി കൂട്ടുന്നതല്ലാതെ, കേരളത്തിലെ യഥാർത്ഥ ഊർജ്ജപ്രശ്നത്തെ എങ്ങനെ പരിഹരിക്കാം എന്നതിനെക്കുറിച്ച് ഇവിടെ ഒരു തുറന്ന ചർച്ചയും നടക്കുന്നില്ല.

വൈദ്യുതോല്പാദനം കൊണ്ടുണ്ടായ പാരിസ്ഥിതിക നഷ്ടത്തെക്കുറിച്ച് ഇതുവരെയും ഒരു കണക്കെടുപ്പും നടത്തിയിട്ടില്ല. സംസ്ഥാനത്തെ കാടുകളുടേയും പുഴകളുടേയും സാമ്പത്തിക, പാരിസ്ഥിതിക മൂല്യത്തെക്കുറിച്ച് ആരും ഇതുവരെ ചിന്തിച്ചിട്ടില്ല. ഇന്നത്തെ പാരിസ്ഥിതിക നിരക്ഷരരായ നേതൃത്വത്തിന്റേയും സമൂഹത്തിന്റെയും പ്രവർത്തനങ്ങൾക്ക് ഭാവി തലമുറയ്ക്ക് വലിയ വില കൊടുക്കേണ്ടിവരും. ഈ വൈകിയ വേളയിലെങ്കിലും, പ്രകൃതി വിഭവ വികസനത്തിന് എന്തൊക്കെ ചെയ്യണമെന്ന് നാം ആലോചിച്ചേ മതിയാകൂ.

കുന്തിപ്പുഴ കണ്ടിട്ടുള്ള, പ്രത്യേകിച്ച് ഈ വർഷത്തെ വേനലിൽ കണ്ടിട്ടുള്ളവർക്ക് പുഴയുടെ വൈദ്യുതി ഉല്പാദനശേഷി എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. മാർച്ചോടുകൂടിത്തന്നെ പുഴയിലെ ഒഴുക്ക് ഏതാണ്ട് മുഴുവനും നിലച്ചിരുന്നു. സംസ്ഥാനത്തെ ശേഷിക്കുന്ന പുഴകളുടെ കാര്യം ഊഹിക്കാവുന്നതാണ്. മനുഷ്യമനസ്സിലും, ഭൂമിയിലും പാരിസ്ഥിതിക പുനരുജ്ജീവനം നടത്തേണ്ട കാലമാണിത്.

*ഇൻടാക്, പി.ബി. നമ്പർ 2230,*
*തിരുവനന്തപുരം-10*




കൂടുതൽ മെച്ചപ്പെട്ട നീതിയുക്തമായ
മറ്റൊരു ലോകത്തിന്

കേരളീയം
കലവറ
**ഗ്രീൻ ചാനൽ & ഇക്കോഷോപ്പ്**

C/o. കേരളീയം, മുനിസിപ്പൽ മാർക്കറ്റ് ബിൽഡിങ്ങ്,
**കൊക്കാലെ, തൃശൂർ-21**
ഫോൺ : 0487-2421385, 2991016
e-mail : keraleeyamtcr@rediffmail.com

**നാട്ടുല്പന്നങ്ങൾക്കും പരിസ്ഥിതി സൗഹൃദ വസ്തുക്കൾക്കുമായി ഒരിടം**



കേരളീയം
## പുസ്തകശാല

### വിശ്വസാഹോദര്യ പ്രസാദം
പ്രതിഷ്ഠാനം കൂട്ടായ്മയുടെ പ്രസിദ്ധീകരണം (മാസിക)
വരിസംഖ്യ ഒറ്റപ്രതി 10 രൂപ, ഒരു വർഷം 100 രൂപ

### ചോലയാർ പത്രിക

ചാലക്കുടിപ്പുഴ സംരക്ഷണസമിതി പ്രസിദ്ധീകരണം / പുഴ സംസ്കാര ചങ്ങാത്തതിനായി.
സംഭാവന 5 രൂപ

### കലഹിക്കുന്ന ചരിത്രം
മലയരയരുടെ മതപരിവർത്തനം ഒരു പുനരന്വേഷണം (പഠനം)
ജോസ് പീറ്റർ
പേജ് 114, വില 50 രൂപ, ക്രൈസ്തവ സാഹിത്യസമിതി, തിരുവല്ല

### ഹരിതനിരൂപണം മലയാളത്തിൽ

പാരിസ്ഥിതിക വിമർശനം
എഡി. ജി. മധുസൂദനൻ
പേജ് 420, വില 165 രൂപ
കറന്റ് ബുക്സ്, തൃശൂർ

### നാടൻപാട്ടുകളുടെ വരവ്

അവതരണം : ഗോത്ര സാംസ്കാരിക ഗവേഷണകേന്ദ്രം, പാളയംപറമ്പ് പി.ഒ.
സി.ഡി., വില 75 രൂപ

**വില മുൻകൂർ അയച്ചാൽ**
**തപാൽ ചെലവ് സൗജന്യം.**
**വി.പി.പി സൗകര്യം**
**ഉണ്ടായിരിക്കുന്നതാണ്.**
**M.O./D.D. അയക്കേണ്ട വിലാസം:**

കേരളീയം
**കൊക്കാലെ, തൃശൂർ-21**
**ഫോൺ: 0487-2421385**